## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4592 — 28.6.2013-ൽ മറുപടിക്ക്

### നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>„ ബെന്നി ബെഹനാൻ<br>„ വി. ഡി. സതീശൻ<br>„ ഹൈബി ഈഡൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി രൂപീകരിക്കുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കു മോ ; | ബി) | കേരളത്തിലെ നഗരങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നഗരവികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുളളത്. ഇതു മുഖേന നഗരങ്ങളിലെ പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതോടൊപ്പം നഗരസഭകളുടെ വരുമാന വർദ്ധനവും പ്രതീക്ഷിക്കുന്നു. |
| സി) | ഏതെല്ലാം ഏജൻസികളെയാണ് ഇതിനായി സഹകരിപ്പിക്കുന്നത്; | സി) | ഏജൻസികളെ തീരുമാനിച്ചിട്ടില്ല. |
| ഡി) | ഇതിനായി എന്തെല്ലാം നടപടി കൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | ഡി) | ഇതിനായി പി.പി.പി അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുകയും സംരംഭകരെ കണ്ടെത്തുന്നതിന് ഒരു നിക്ഷേപക സംഗമം ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കുന്നതിനു മുന്നോടിയായി നഗരസഭാ ഭരണാധികാരികൾക്കും സെക്രട്ടറിമാർക്കും മുനിസിപ്പൽ എഞ്ചിനീയർമാർക്കും ഒരു ഏകദിന പരിശീലന പരിപാടി തിരുവനന്തപുരത്ത് വച്ച് ജൂൺമാസത്തിൽ നടത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ